പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1646

10.03.2020 ൽ
മറുപടി പറയേണ്ടിരുന്നത്

## കെ.എ.എസ്.പരീക്ഷ സംബന്ധിച്ച ആക്ഷേപങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ജെ. മാക്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കെ.എ.എസ്. പരീക്ഷ സംബന്ധിച്ച് പി.എസ്.സി.യുടെ പേരിൽ ചില ആരോപണങ്ങളുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇവയില്ലാതാക്കാൻ സർക്കാരും പി.എസ്.സി.യും നടത്തുന്ന തുടർപ്രവർത്തനങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത പരീക്ഷയുമായി ബന്ധപ്പെട്ട് ആരോപണവിധേയമായ പി.എസ്.സി. പരീക്ഷ പരിശീലനകേന്ദ്രങ്ങൾ, അവരുടെ വാട്സ്അപ് ഗ്രൂപ്പുകൾ, പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് പി.എസ്.സി.യുമായുള്ള ബന്ധം, ആയതുവഴി ചോദ്യക്കടലാസുണ്ടാക്കുന്നവരുമായുള്ള ബന്ധം എന്നിങ്ങനെ പി.എസ്.സിയുടെ പേരിൽ ഇത്തരം തട്ടിപ്പുകളുണ്ടെങ്കിൽ കുറ്റക്കാരെ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷ ഉറപ്പ് വരുത്തുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;<br><br>സി) പി.എസ്.സി.യുടെ വിശ്വാസ്യത ഉറപ്പിക്കാനും കെ.എ.എസ്. പോലുള്ള പരീക്ഷയിലെ ആരോപണങ്ങൾ പരിശോധിച്ച് കർശന നടപടികൾക്കുമായി ഈ സർക്കാർ എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br><br>പൊതുഭരണ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിയും ഇപ്പോൾ കേരള സ്റ്റേറ്റ് വെൽഫയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് ജനറൽ മാനേജരായി ജോലി ചെയ്യുന്ന ശ്രീ. രഞ്ജൻ രാജ് സ്വകാര്യ കോച്ചിംഗ് സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുവെന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽ നിന്നും ലഭിച്ച പരാതിയിന്മേൽ പൊതുഭരണ (ബി) വകുപ്പിന്റെ SPL-B2/35/2020/GAD നമ്പർ ഫയലിൽ അദ്ദേഹത്തിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുകയും തുടർന്ന് വിജിലൻസ് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>19.12.2013 മുതൽ ഇന്ത്യയ്ക്കകത്ത് കൂടുതൽ മെച്ചപ്പെട്ട ജോലി നോക്കുന്നതിനായി കെ.എസ്.ആർ. ഭാഗം 1, അപ്പൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധി എടുത്തിട്ടുള്ള പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. ഷിബു. കെ. നായർ, പി.എസ്.സി. പരീക്ഷ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽ നിന്ന് ലഭിച്ച കുറിപ്പിന്റെ അടിസ്ഥാനത്തിൽ, പൊതുഭരണ (സർവ്വീസസ്-എ) വകുപ്പിന്റെ എസ്.എ.4/50/2020-പൊഭവ നമ്പർ ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ